# അനങ്ങൻമല പൊട്ടിക്കുന്നതിന്റെ പിന്നിൽ

സി.ആർ.

**വള്ളുവനാടിന്റെ** ഹൃദയഭാഗത്ത് ഒറ്റപ്പാലം നഗരസഭയിലും തൃക്കട്ടീരി, അനങ്ങനടി, അമ്പലപ്പാറ, പൂക്കോട്ടുകാവ് എന്നീ ഗ്രാമപഞ്ചായത്തുകളിലുമായി ആറു ചതുരശ്ര കി. മീ. വിസ്തൃതിയിൽ പരന്നു കിടക്കുന്ന ഒറ്റക്കൽ (ഏകശില്പ) പ്പാറയാണ് അനങ്ങൻമല. ഏറെ മിത്തുകൾ ഈ മലയെ പറ്റിയുണ്ട്. സർക്കാർവനം ഈ മലയിലൊരു ഭാഗത്തുണ്ട്. ബാക്കി സ്വകാര്യ ഭൂമികളാണ്. വേനൽക്കാലത്തേക്കു വേണ്ടി വെള്ളം ശേഖരിച്ച് വക്കുന്ന ഈ മലക്കുചുറ്റും സസ്യസമൃദ്ധമായ പ്രദേശങ്ങളാണ്. അപൂർവ്വങ്ങളായ ഔഷധസസ്യങ്ങൾ പലതും ഈ മേഖലയിലുണ്ട്. ഇത് വികസനത്തിന്റെ കാലമാണ്. മലകളും നീരുറവകളും സസ്യങ്ങളും ജീവനുമൊന്നും വികസനത്തിനു തടസ്സമായിക്കൂടെന്ന് ഭരണകൂടങ്ങളും സമൂഹത്തിലെ സമ്പന്നരായവരും വിശ്വസിക്കുന്നു. മലകളെല്ലാം ഇടിച്ചുനിരത്തി പാടങ്ങളും കായലുകളും കുളങ്ങളും നികത്തി ഒറ്റ നിരപ്പാക്കുന്നതാണ് സോഷ്യലിസം (ഉച്ചനീചത്തങ്ങളില്ലാക്കൽ) എന്നും നമുക്ക് ബോദ്ധ്യമായിരിക്കുന്നു. 'റോഡാണോ നീരുറവയാണോ വേണ്ടത്?' എന്ന ചോദ്യത്തിന് ബഹുഭൂരിപക്ഷവും സംശയമില്ലാതെ ഉത്തരം നൽകുന്നു... റോഡ് തന്നെ. (വെള്ളം പണം കൊടുത്തു വാങ്ങാവുന്നതല്ലേ? റോഡ് അങ്ങനെ വാങ്ങാനാവില്ലല്ലോ)

ലോകബാങ്കിന്റെ പണംകൊണ്ട് പാലക്കാട്ടനിന്നും ഒറ്റപ്പാലം വഴി കൊളപ്പുള്ളി വരെയുള്ള സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിനുവേണ്ടിയാണ്. അനങ്ങൻ മലയെ തുരന്ന് കരിങ്കല്ലെടുക്കുന്നത്. ആർബിഎം എന്ന മലേഷ്യൻ കമ്പനിക്കാണിതിന്റെ കരാർ. ഒറ്റപ്പാലം നഗരസഭയിൽപ്പെട്ട വരോട് നാലാം മൈലിൽ നടത്തുന്ന ഖനനം മൂലം നൂറോളം വീടുകൾ വിണ്ടുപൊട്ടിയിരിക്കുന്നു. പത്തുമീറ്ററിൽ ഏറെ ആഴമുള്ളതും ഒരു വേനലിലും വറ്റാത്തതുമായ കിണറുകൾ ഇടിഞ്ഞുപോകുന്നു.

"മഴയില്ലാതാകുന്നതിലും ഭേദം മരണമാണ്..." സ്വന്തം വീടിന്റെ ഭിത്തിയിടിഞ്ഞുപോയ എഴുപതുകാരൻ ജമാലുവിന്റെ വിറക്കുന്ന ശബ്ദമാണിത്. "പാറ പൊട്ടിക്കുമ്പോൾ ഭൂമി കുലുക്കമുള്ളതു പോലെയാണ്" ചുമരിൽ വിള്ളൽ വീണ വീടിന്റെ പുറത്തിറങ്ങി നിന്നുകൊണ്ട് ഇങ്ങനെ പറയുന്നത് ആയിഷയെന്ന എൺപതുകാരി. "വീടിന്റെ കോൺക്രീറ്റ് സ്ലാബ് അടർന്നു. മലയിൽനിന്ന് മണ്ണൊലിച്ച് അടിവാരത്തിലെ കൃഷിഭൂമി നശിച്ചു. ഇനിയെത്രനാൾ ഇവിടെ സ്വസ്ഥതയോടെ കഴിയാനാവും...?" ആയിഷ ആശങ്കപ്പെടുകയാണ്. ഒരു വർഷംമുമ്പുമാത്രം പണിതീർന്ന വീട്ടിൽ താമസിച്ച് കൊതിതീർന്നിട്ടില്ലാത്ത ഖദീജ പറയുന്നു... എത്രയേറെ വിള്ളലുകളാണ് ഈ വീടിന്റെ ചുവരുകളിലുള്ളത്...

അനങ്ങൻ മലക്കുചുറ്റുമുള്ള ജനങ്ങൾ തങ്ങളുടെ ആശങ്കകൾ ഒരുമിപ്പിച്ച് പ്രതിഷേധത്തിലേക്കു നീങ്ങുന്നു. അനങ്ങൻമല സംരക്ഷണ സമിതി രൂപീകരിച്ചു. എ. ഖാലിദിന്റെ നേതൃത്വത്തിൽ നിവേദനങ്ങളും ധർണകളുമായി സമരം മുന്നോട്ടുപോകുന്നു. എന്നാൽ അതോടൊപ്പം തന്നെ "സർക്കാരിന്റെ എല്ലാവിധ അനുമതികളും ഞങ്ങൾക്കുണ്ട്" എന്നുപറഞ്ഞുകൊണ്ട് റോഡ് നിർമ്മാണക്കമ്പനി ഖനനം തുടരുന്നു. കൂറ്റൻ യന്ത്രങ്ങൾ ഉപയോഗിക്കുന്നു. ടൺകണക്കിന് വെടിമരുന്ന് ഇവിടെ പ്രയോഗിക്കുന്നു.

## പ്ലാച്ചിമടപോലെ....

ജനങ്ങൾ ആദ്യം സമീപിച്ചത് നഗരസഭയെയാണ്. പരിസ്ഥിതി സംരക്ഷണത്തിൽ അതീവ താൽപര്യമുണ്ടെന്ന് പറയുന്ന വ്യക്തിയാണ് ചെയർമാൻ. നഗരസഭയുടെ അനുമതി മെറ്റൽ ക്രഷറിനു മാത്രമാണ് വേണ്ടതെന്നും ബാക്കിയെല്ലാം കേന്ദ്രസംസ്ഥാന സർക്കാരുകളാണ് നൽകേണ്ടതെന്നും ചെയർമാൻ പറയുന്നു. പാറ പൊട്ടിക്കുന്നതിനും മറ്റുമായി ഖനി-സ്ഫോടന വകുപ്പുകളും വനപ്രദേശമായതിനാൽ കേന്ദ്രവനം പരിസ്ഥിതിവകുപ്പും ഈ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ക്രഷർ യൂണിറ്റിന് കമ്പനി അപേക്ഷ നൽകിയെങ്കിലും അനുമതി നൽകാൻ നഗരസഭ തയ്യാറായില്ല. ജനങ്ങളുടെ ആശങ്ക ദുരീകരിക്കണമെന്നും (പരിസ്ഥിതി സംരക്ഷണത്തിന് അനങ്ങൻമലയുടെ പ്രാധാന്യം തങ്ങൾക്കറിയാമെന്നും) ചെയർമാൻ പറയുന്നു. ചെയർമാൻ പറയുന്നത് സത്യമാണെങ്കിൽ പെരുമാട്ടി പഞ്ചായത്തിന്റെ മാതൃകയിൽ (കോളക്കമ്പനിയോടെന്നപോലെ) ലൈസൻസ് റദ്ദാക്കണമെന്ന് ജനങ്ങൾ ആവശ്യപ്പെടുന്നു. പക്ഷെ സർക്കാരിന്റെ അനുമതി വാങ്ങിയാണ് കമ്പനി പ്രവർത്തിക്കുന്നതെന്നതിനാൽ തങ്ങൾക്കൊന്നും ചെയ്യാനാവില്ലെന്ന് ചെയർമാനും പറയുന്നു. ജനകീയ സമ്മർദ്ദം ഉയർന്നപ്പോൾ സംസ്ഥാനത്തെ പ്രതിപക്ഷനേതാവ് വി.എസ്. അച്ചുതാനന്ദനും സ്ഥലം എം.പി.യായ എസ്. അജയകുമാറും സ്ഥലം സന്ദർശിച്ചു. കാര്യങ്ങളുടെ ഗൗരവം അവർക്കു ബോദ്ധ്യപ്പെടുകയും ചെയ്തു. പക്ഷെ അവരുടെ തന്നെ കക്ഷിയിൽ (സിപിഎം) ഇതു സംബന്ധിച്ച് രണ്ട് അഭിപ്രായഗതികളുണ്ടെന്നതിനാൽ തുറന്ന സമരത്തിന് വരാൻ അണികൾ മടിക്കുകയാണ്.

## വികസനദാഹം

പാലക്കാട്-പൊന്നാനി റോഡിന്റെ വികസനം ഏറ്റവും അനിവാര്യമായ ഒന്നാണെന്നും അതിനാവശ്യമായ കരികല്ല് "അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരണമെന്നും പറയാനാകുമോ?" എന്നുമാണ് ഖനനത്തെ (അല്ല വികസനത്തെ!) അനുകൂലിക്കുന്നവർ ചോദിക്കുന്നത്. ഇതിൽനിന്നും കാര്യങ്ങൾ വ്യക്തമാണ്. വികസനത്തിന് തടസ്സമാകുന്നതൊന്നും പറഞ്ഞുകൂടാ... പ്രവർത്തിച്ചുകൂടാ... എന്നാൽ ആരുടെ വികസനം... എന്ന ചോദ്യമുണ്ട്. ഈ ചോദ്യം എല്ലായിടത്തും ആവർത്തിക്കുന്നു... അനങ്ങൻമലയിലും ഇതിന്റെ മാറ്റൊലിയുണ്ട്.